നം. ഇഎ1/5796/16/Vol.II

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണ വിഭാഗം
തിരുവനന്തപുരം
തീയതി : 16. 10. 2017

# സർക്കുലർ

വിഷയം:- ജീവനക്കാര്യം -പൊ.മ.വ-2017-ലെ മലയാളം ശ്രേഷ്ഠ ഭാഷാ ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്കിടയിൽ വിവിധ പരിപാടികൾ നടത്തുന്നത് സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഭാഗമായി നവംബർ മാസത്തിലെ ആദ്യ പ്രവൃത്തി ദിനം മലയാള ദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും 2017 നവംബർ 1 മുതൽ ഒക്ടോബർ 31 വരെ വാർഷികാഘോഷവും സംസ്ഥാനത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള തീരുമാനം സൂചനപ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത ആഘോഷവുമായി ബന്ധപ്പെട്ട് ഈ വകുപ്പിലെ ജീവനക്കാർക്കിടയിൽ വിവിധ മത്സരങ്ങൾ, സെമിനാറുകൾ, സാംസ്കാരിക സമ്മേളനം തുടങ്ങിയവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മത്സരത്തിന്റെ സമയക്രമം ചുവടെ ചേർക്കുന്നു.

സ്ഥലം: പൊതുമരാമത്ത് വകുപ്പ് റിക്രിയേഷൻ ഹാൾ.

| | | |
|---|---|---|
| 25/10/2017 | 11 മണിക്ക്<br>2 മണിക്ക് | ചെറുകഥാ രചന<br>കൈയെഴുത്ത് മത്സരം |
| 26/10/2017 | 11 മണിക്ക്<br>2 മണിക്ക് | കവിതാ രചന<br>ഉപന്യാസ രചന |
| 27/10/2017 | 11 മണിക്ക് | കേട്ടെഴുത്ത് |
| നവംബർ 1 | ശ്രേഷ്ഠ ഭാഷാ ദിനാഘോഷം -കല, സാഹിത്യ രംഗങ്ങളിലെ പ്രശസ്തരായവർ പങ്കെടുക്കുന്ന സാംസ്കാരിക സമ്മേളനം | |

2016 നവംബർ 1 മുതൽ 2017 ഒക്ടോബർ 15 വരെ ഏറ്റവും കൂടുതൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്ത ജീവനക്കാരന് അവാർഡ് നൽകുന്നതിനായി, ഏറ്റവും കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്ത ജീവനക്കാരന്റെ പേരും (ഫയലുകളുടെ എണ്ണം സഹിതം) മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവരും 20.10.2017-ന് മുൻപ് ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടിന്റെ ശുപാർശയോടെ സീനിയർ ഭരണ കാര്യസ്ഥയ്ക്ക് നൽകേണ്ടതാണ്.

19/10/17

ചീഫ് എഞ്ചിനീയർക്കു വേണ്ടി

എല്ലാ സെക്ഷൻ മേധാവികൾക്കും.